# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5484.

18.11.2019 ൽ
മറുപടിക്ക്

## പിങ്ക് പോലീസിന്റെ പ്രധാന കർത്തവ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

(എ) തെരുവോരങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് എന്ന ഔദ്യോഗിക പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സദാ ജാഗരൂകരായി നഗരങ്ങളിലാകെ റോന്ത് ചുറ്റുന്നതിന് നിയോഗിക്കപ്പെട്ട പിങ്ക് പോലീസിന് നിഷ്കർഷിച്ചിട്ടുള്ള പ്രധാന കർത്തവ്യങ്ങളെന്തൊക്കെയാണ്;

(എ) പിങ്ക് പോലീസിന്റെ പ്രധാന കർത്തവ്യങ്ങൾ ചുവടെ ചേർക്കുന്നു.

- സഹായം ആവശ്യപ്പെട്ട് സ്ത്രീകൾ വിളിക്കുന്ന ഫോൺ കോൾ അറ്റന്റ് ചെയ്ത് ഉടൻ സഹായം എത്തിക്കുക.
- സ്ത്രീകളും കുട്ടികളും ഒത്തുചേരുന്ന പൊതു സ്ഥലങ്ങളായ സ്കൂളുകൾ, കോളേജുകൾ ഓഫീസുകൾ, ലേഡീസ് ഹോസ്റ്റലുകൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിൽ പട്രോളിംഗ് നടത്തുക.
- സ്ത്രീകൾക്കും കുട്ടികൾക്കും വൃദ്ധജനങ്ങൾക്കും ആവശ്യമായ സഹായവും സുരക്ഷാ അവബോധവും നൽകുക.
- വനിതാ കോളേജുകൾ, ഗേൾസ് സ്കൂളുകൾ എന്നിവ കേന്ദ്രീകരിച്ച് തിരക്കുള്ള സമയങ്ങളിൽ ട്രാഫിക് നിയന്ത്രണം നടത്തുക.
- പിങ്ക് ബീറ്റ് ഓഫീസർമാർക്ക് ആവശ്യമായ സഹായം നൽകുക.
- പൊതുസ്ഥലങ്ങളിലെ പൂവാല ശല്യം തടയുക.
- മയക്കുമരുന്ന് ഉപയോഗത്തിൽ നിന്നും സ്കൂൾ കോളേജ് കുട്ടികൾക്ക് സംരക്ഷണം നൽകുക.
- ക്ലാസിൽ പോകാതെ കറങ്ങി നടക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുക.
- പൊതുവാഹനങ്ങളിൽ സ്ത്രീകൾക്കും, കുട്ടികൾക്കും വിനോദ സഞ്ചാരികൾക്കും യാത്രാ സുരക്ഷിതത്വം ഉറപ്പ് വരുത്തുക.
- പിങ്ക് പോലീസ് പട്രോളിംഗ് കൺട്രോൾ റൂമിൽ നിന്നുള്ള നിർദ്ദേശങ്ങൾക്ക് അനുസരിച്ച് മറ്റ് ക്രമസമാധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുക.
- സ്ത്രീകളും കുട്ടികളും കൂടുതലായി എത്തിച്ചേരുന്ന സ്ഥലങ്ങളിൽ ജനക്കൂട്ടത്തെ നിയന്ത്രിക്കുക.

(ബി) സർക്കാർ അറിയിച്ചിട്ടുള്ള നിശ്ചിത കർത്തവ്യങ്ങൾക്ക് പുറമേ ഉദ്യോഗസ്ഥരുടെ വാക്കാലുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലെന്ന് പറഞ്ഞ് പ്രസ്തുത സേനാംഗങ്ങൾ പാർക്കുകളിലും മറ്റ് വിനോദ സഞ്ചാരകേന്ദ്രങ്ങളിലും പ്രായപൂർത്തിയായവർക്ക് സ്വതന്ത്രമായ വിഹാരത്തിന് തടസ്സം സൃഷ്ടിക്കുന്ന രീതിയിൽ അമിതാധികാരം പ്രയോഗിക്കുന്നത് നിയമവിധേയമായിട്ടാണോ ;

(ബി) പൊതുജനങ്ങളും പ്രത്യേകിച്ചും, സ്ത്രീകളും, കുട്ടികളും പ്രായപൂർത്തിയായവരും കൂടുതലായി എത്തിച്ചേരുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങൾ, പാർക്കുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനും, പട്രോളിംഗിനുമായി പിങ്ക് പോലീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളെയും, കുട്ടികളെയും ശല്യം ചെയ്യുന്നതിന് സാദ്ധ്യതയേറെയുള്ള ഇത്തരം സ്ഥലങ്ങളിൽ ശല്യപ്പെടുത്തുന്നവർക്കെതിരെ പിങ്ക് പോലീസ് കർശന നടപടികൾ സ്വീകരിച്ച് അവരുടെ കർത്തവ്യം നിറവേറ്റുകയാണ് ചെയ്യാറുള്ളത്. സ്തുത്യർഹമായ പല സേവന പ്രവർത്തികളും, പിങ്ക് പോലീസ് നടത്തിയിട്ടുള്ളതും, സമൂഹത്തിൽ ശ്രദ്ധ പിടിച്ചു പറ്റിയിട്ടുള്ളതുമാണ്. നിയമ വിധേയമായ പ്രവർത്തനങ്ങളാണ് പിങ്ക് പോലീസ് നടത്തി വരുന്നത്. നിയമ വിധേയമല്ലാത്ത പ്രവർത്തികൾ ശ്രദ്ധയിൽപ്പെട്ടാൽ വകുപ്പ് തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

(സി) അല്ലെങ്കിൽ പൊതുജനങ്ങളോട് പിങ്ക് പോലീസിന്റെ ഇടപെടലിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുമോ; വ്യക്തമാക്കുമോ ?

(സി) പൊതുജനങ്ങളോട് മാന്യമായ രീതിയിൽ ഇടപെടുന്നതിനു വേണ്ട നിർദ്ദേശങ്ങളും, പരിശീലനങ്ങളും പിങ്ക് പോലീസ് സേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്.

Rajani

സെക്ഷൻ ഓഫീസർ